# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 332 — 26.06.2012-ൽ മറുപടിയ്ക്ക്

<u>വനം ദീപ്തി പദ്ധതി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>" ജോസഫ് വാഴക്കൻ<br>" ഡൊമിനിക്ക് പ്രസന്റേഷൻ<br>" വർക്കല കഹാർ | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വനം ദീപ്തി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | എ) വനപ്രദേശത്തിന് പുറത്ത് വനവത്കരണത്തിന് അനുയോജ്യമായി ലഭിക്കുന്ന ഭൂമിയിൽ സ്വാഭാവിക വനത്തെ അതിന്റെ തനിമയോടെ പുനർജ്ജീനിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് ആസൂത്രണം ചെയ്തിട്ടുള്ളതാണ് 'വന ദീപ്തി' പദ്ധതി.<br><br>കേരളത്തിലെ സ്വാഭാവിക വനങ്ങളിലുള്ള മിക്കവാറും എല്ലാ വൃക്ഷ സസ്യജാലങ്ങളും തദ്ദേശീയമായ ഫലവൃക്ഷങ്ങളും ഔഷധ സസ്യങ്ങളുമെല്ലാം ഇതിലുണ്ടാകും. ഞാവൽ, മാവ്, പ്ലാവ്, ആഞ്ഞിലി, പേര, അത്തി, നെല്ലി, കുടംപുളി തുടങ്ങിയ ഫലവൃക്ഷങ്ങൾ, പൂക്കൾക്ക് പ്രാധാന്യമുള്ള കണിക്കൊന്ന, മണി മരുത്, മന്ദാരം, ചെമ്പകം തുടങ്ങിയ പൂക്കുന്ന മരങ്ങൾ, വേപ്പ്, കുമ്പിൾ, കാഞ്ഞിരം, ചന്ദനം, താന്നി, അശോകം, പതിമുഖം, കൂവളം ആൽ തുടങ്ങിയ ഔഷധ ഗുണമുള്ള മരങ്ങൾ, തേക്ക്, ഈട്ടി, മഹാഗണി, പൂവരശ്ല്, മട്ടി, കമ്പകം, അകിൽ തുടങ്ങിയ തടിക്ക് പ്രാധാന്യമുള്ള വൃക്ഷങ്ങൾ കച്ചോലം, ചിറ്റരത്ത, കസ്തൂരിമ ഞ്ഞൾ, നാഗ ദന്തി, രാമച്ചം തുടങ്ങിയ ഔഷധ സസ്യങ്ങൾ എന്നിവ നിശ്ചിത അകല ത്തിൽ നട്ടുവളർത്തിയ മനോഹരമായ ഒരു വനോദ്യാനമാണ് പദ്ധതി ലക്ഷ്യമിടുന്നത്. |

കാടിനെ അടുത്തറിയുവാനും അനുഭവിക്കുവാനും അവസരങ്ങൾ ദുർലഭമായ നഗരവാസികൾക്കും വിദ്യാർത്ഥികൾക്കും വനഭംഗി ആസ്വദിക്കുവാനും പഠന വിധേയമാക്കുവാനും കഴിയുന്ന തരത്തിൽ ഇൻഫർമേഷൻ സെന്റർ, നടപ്പാത മുതലായവ സജ്ജമാക്കി ഒരു വന വിജ്ഞാന കേന്ദ്രമാക്കുക എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്.

ചുറ്റുമുള്ള പ്രദേശങ്ങളിലെ മണ്ണ്, ജല സംരക്ഷണ പ്രക്രിയയ്ക്ക് സഹായകരമാകുന്ന വിധത്തിൽ ജൈവ വൈവിധ്യത്തെ സംരക്ഷിക്കുകയും പക്ഷി മൃഗാദികൾക്ക് യോജിച്ച ആവാസ വ്യവസ്ഥ ഒരുക്കുകയും ചെയ്യുക തുടങ്ങിയ പരിസ്ഥിതി സംരക്ഷണ ലക്ഷ്യങ്ങൾക്കും വനദീപ്തി പദ്ധതി സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ബി) നഗര വൃക്ഷവൽക്കരണം നല്ലരീതിയിൽ നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

ബി) നഗര-ഗ്രാമീണ വനവൽക്കരണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തദ്ദേശ വാസികളുടെ ആശയങ്ങളും ആവശ്യങ്ങളും നേരിട്ടറിഞ്ഞ് തയ്യാറാക്കിയ പ്രസ്തുത പദ്ധതിയിൽ ഫലവൃക്ഷങ്ങളും തടി ലഭ്യതയുള്ള ഇനങ്ങളും, ഔഷധ സസ്യങ്ങളും നട്ടുപിടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ടി സ്ഥലം വേലി കെട്ടി സംരക്ഷിക്കുന്നതിനും നീർച്ചാലുകളിൽ ചെക്ക് ഡാം നിർമ്മിച്ച് ജലം സംഭരിച്ച് ജലസേചനം നടത്തുന്നതിനുള്ള നടപടികളും നടപ്പിലാക്കുന്നു. മാത്രമല്ല പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും സ്വാഭാവിക വനത്തെപ്പറ്റി നേരിട്ടറിയാനും വന സംരക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിനും ഒരു ഇൻഫർമേഷൻ സെന്റർ നിർമ്മിക്കുന്നതിനും അങ്ങനെ ഭാവിയിൽ ഈ സ്ഥലം ഒരു ഇക്കോ ടൂറിസം സെന്ററായി മാറ്റാനും ഉദ്ദേശിക്കുന്നു.

| | | | |
|---|---|---|---|
| സി) | പ്രസ്തുത പദ്ധതി എവിടെയെല്ലാമാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ? | സി) | പുനലൂർ ഡിവിഷനിൽ പത്തനാപുരം റെയിഞ്ചിലെ പത്തുപറയിലാണ് ഇപ്പോൾ നടപ്പാക്കാനുദ്ദേശിക്കുന്നത് പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കുന്ന പ്രസ്തുത പദ്ധതിയുടെ വിജയം വിലയിരുത്തി ഗുണപ്രദമാണെന്ന് കണ്ടാൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപിപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ